ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 17.06.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1). പി എം കിസാൻ സമ്മാൻനിധിയുടെ പതിനേഴാം ഗഡുവിൻറെ വിതരണോദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ വാരാണസിയിൽ നിർവ്വഹിക്കും.

Prime Minister Narendra Modi will inaugurate the distribution of the 17th tranche of PM Kisan Sammannidhi in Varanasi tomorrow.

2). നീറ്റ് പരീക്ഷയിൽ ക്രമക്കേട് കണ്ടെത്തിയാൽ കർശന നടപടി സ്വീകരിക്കുമെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ.

Education Minister Dharmendra Pradhan says, no NTA official will be spared if found guilty of irregularities in conducting of this year's NEET exam.

3). ത്യാഗത്തിൻറേയും സമർപ്പണത്തിൻറേയും സ്മരണയിൽ ഇന്ന് ബലിപെരുന്നാൾ; ആശംസകൾ നേർന്ന് രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും.

The Festival of Eid al-Adha is scheduled to be celebrated on today; Greetings from the President and Vice President.

4). പാലക്കാട് പ്ലാച്ചിമടയിൽ കൊക്കോകോള കമ്പനിയുടെ കൈവശമുണ്ടായിരുന്ന 35 ഏക്കർ ഭൂമി സംസ്ഥാന സർക്കാർ ഏറ്റെടുത്തു.

The state government has taken over 35 acres of land owned by the Coca-Cola Company at Plachimada in Palakkad.

5). ട്വൻറി - 20 ലോകകപ്പ് ക്രിക്കറ്റിൽ അയർലൻഡിനെതിരെ പാകിസ്ഥാന് ജയം; ഇന്ന് മൂന്ന് മത്സരങ്ങൾ ; ഏകദിനത്തിൽ ദക്ഷിണാഫ്രിക്കയ്ക്കെതിരെ ഇന്ത്യൻ വനിതകൾക്ക് ജയം.

Pakistan win over Ireland in Twenty20 Cricket World Cup; Three matches today; Indian women win against South Africa in ODI.

*************************************************************

**PM KISAN**

പി എം കിസാൻ സമ്മാൻനിധി പദ്ധതിയുടെ പതിനേഴാമത് ഗഡു വിതരണോദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ നിർവ്വഹിക്കും. 20,000 കോടിയോളം രൂപയാണ് ഇതുവഴി കർഷകരുടെ അക്കൗണ്ടുകളിലേക്ക് കൈമാറുന്നത്.

9 കോടി 3 ലക്ഷം കർഷകർക്കാണ് പദ്ധതിയുടെ പ്രയോജനം ലഭിക്കുക. വാരാണസിയിലാണ് ഇതുമായി ബന്ധപ്പെട്ട പരിപാടി സംഘടിപ്പിക്കുന്നത്. പ്രതിവർഷം മൂന്ന് ഗഡുക്കളായി ആറായിരം രൂപയാണ് പി.എം. കിസാൻ സമ്മാൻനിധി പദ്ധതിയിലൂടെ കർഷകർക്ക് നൽകുന്നത്. ഇതുവരെ 3.24 ലക്ഷം കോടി രൂപ, 11 കോടിയോളം കർഷകർക്ക് നൽകിക്കഴിഞ്ഞതായി കേന്ദ്ര മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ അറിയിച്ചു.

*************************************************************

**MANN KI BAAT**

പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യത്തെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവെക്കുന്ന പ്രതിമാസ റേഡിയോ പരിപാടി 'മൻ കി ബാത്ത്' ഈ മാസം 30-ന് കേൾക്കാം. തുടർച്ചയായി മൂന്നാം തവണയും പ്രധാനമന്ത്രിയായി നരേന്ദ്ര മോദി അധികാരമേറ്റ ശേഷം പ്രക്ഷേപണം ചെയ്യുന്ന ആദ്യ പതിപ്പായിരിക്കും ഇത്.

*************************************************************

**NEET EXAM -(INTRO)**

നീറ്റ് പരീക്ഷാ ക്രമക്കേടുമായി ബന്ധപ്പെട്ട് നാഷണൽ ടെസ്റ്റിങ്ങ് ഏജൻസിയിലെ ഏതെങ്കിലും ഉദ്യോഗസ്ഥർക്ക് പങ്കുണ്ടെന്ന് കണ്ടെത്തിയാൽ കർശന നടപടി സ്വീകരിക്കുമെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ. രണ്ടിടങ്ങളിലെ ചില ക്രമക്കേടുകൾ പുറത്തുവന്നിട്ടുണ്ടെന്നും ഒഡീഷയിലെ സാംബൽപൂരിൽ മാധ്യമപ്രവർത്തകരോട് സംസാരിക്കവെ

അദ്ദേഹം പറഞ്ഞു. ഇക്കാര്യത്തിൽ സർക്കാരിന് ആശങ്കയുണ്ടെന്നും ഒരു കുറ്റവാളിയും രക്ഷപ്പെടില്ലെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി. രാജ്യത്തെ വിദ്യാർത്ഥികളുടെ ഭാവി സുരക്ഷിതമാക്കാൻ കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും ശ്രീ ധർമ്മേന്ദ്ര പ്രധാൻ പറഞ്ഞു.

(ഹോൾഡ് ഫോർ ബൈറ്റ്.......)

***********************************************************

## RIJIJU- KHARGE MEET

കേന്ദ്ര പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു, രാജ്യസഭയിലെ പ്രതിപക്ഷ നേതാവും കോൺഗ്രസ് അധ്യക്ഷനുമായ മല്ലികാർജുൻ ഖാർഗെയുമായി ഇന്നലെ ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. തൻറെ ജീവിതത്തിലെ വിലപ്പെട്ട അനുഭവങ്ങൾ ശ്രീ ഖാർഗെ തന്നോട് പങ്കുവെച്ചതായി കേന്ദ്രമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. എല്ലാവരും ഒരുമിച്ച് രാജ്യത്തിന് വേണ്ടി പ്രവർത്തിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഈ മാസം 24 മുതൽ ചേരുന്ന 18-ാം ലോക്സഭയുടെ ആദ്യ സമ്മേളനത്തിന് മുന്നോടിയായാണ് ശ്രീ മല്ലികാർജുൻ ഖാർഗെയുമായി കേന്ദ്രമന്ത്രി കൂടിക്കാഴ്ച നടത്തിയത്. പാർലമെൻറ് സമ്മേളനത്തിൽ പുതുതായി തിരഞ്ഞെടുക്കപ്പെട്ട ലോക്സഭാ അംഗങ്ങളുടെ സത്യപ്രതിജ്ഞയും ലോക്സഭാ സ്പീക്കറുടെ തിരഞ്ഞെടുപ്പും നടക്കും. ലോക്സഭയുടെയും രാജ്യസഭയുടെയും സംയുക്ത സമ്മേളനത്തെ രാഷ്ട്രപതി ദ്രൗപതി മുർമു അഭിസംബോധന ചെയ്യും. പാർലമെന്റ് സമ്മേളനം അടുത്ത മാസം മൂന്നിന് സമാപിക്കും.

***********************************************************

## MANOJ PANDE-AMIT SHAH

കരസേനാ മേധാവി ജനറൽ മനോജ് പാണ്ഡെ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുമായി കൂടിക്കാഴ്ച നടത്തി. ജമ്മു കശ്മീരിലെ സുരക്ഷാ സാഹചര്യങ്ങൾ , അമർനാഥ് തീർഥാടന മുന്നൊരുക്കങ്ങൾ എന്നിവ സംബന്ധിച്ച അവലോകന യോഗങ്ങൾക്ക് ശേഷമാണ് കൂടിക്കാഴ്ച നടന്നത്.

*************************************************************

## SIKKIM EVACUATION-

കനത്ത മഴയെ തുടർന്ന് സിക്കിമിലെ, മംഗൻ ജില്ലയിൽ കുടുങ്ങിക്കിടക്കുന്ന 1,200 ലധികം വിനോദസഞ്ചാരികളെ ഒഴിപ്പിക്കുന്ന നടപടികൾ ഇന്ന് ആരംഭിച്ചേക്കും. കാലാവസ്ഥ അനുകൂലമാകുന്നതോടെ വിമാനമാർഗമോ റോഡ് മാർഗമോ ഒഴിപ്പിക്കൽ നടപടികൾ ആരംഭിക്കുമെന്ന് അധികൃതർ അറിയിച്ചു. മണ്ണിടിച്ചിലിനെത്തുടർന്ന് 15 വിദേശികളടക്കം 1,200-ലധികം വിനോദസഞ്ചാരികളാണ് ലാച്ചുങ് ടൗണിൽ കുടുങ്ങിയത്. ബോർഡർ റോഡ്സ് ഓർഗനൈസേഷൻറെ നേതൃത്വത്തിൽ റോഡുകൾ വൃത്തിയാക്കുന്നതിനും വടക്കൻ സിക്കിമുമായുള്ള ബന്ധം പുനഃസ്ഥാപിക്കുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നു. എത്രയും വേഗം സുരക്ഷിതമായ ഒഴിപ്പിക്കൽ നടപടികളുമായി മുന്നോട്ടുപോകുമെന്നും അധികൃതർ അറിയിച്ചു.

*************************************************************

## BAKRID

ത്യാഗത്തിൻറേയും സമർപ്പണത്തിൻറേയും സ്മരണയിൽ ഇന്ന് ബലിപെരുന്നാൾ. പ്രവാചകൻ ഇബ്രാഹിം നബിയുടെ ത്യാഗത്തിൻറെ ഓർമ്മ പുതുക്കുകയാണ് ഓരോ ബലി പെരുന്നാളും. ബലിപെരുന്നാളിനോടനുബന്ധിച്ച് കേരളത്തിലെ പള്ളികളിലും ഈദ് ഗാഹുകളിലും പെരുന്നാൾ നമസ്ക്കാരം നടക്കുകയാണ്. മക്കയിലെ ഹജ്ജ് കർമ്മത്തിൻറെ പരിസമാപ്തി

കൂടിയാണ് ഈദ് ഉൽ അസ്ഹ എന്നറിയപ്പെടുന്ന ബലി പെരുന്നാൾ.

*********************************************************

## PREZ - VICE PREZ- ID-Ul-ZUHA

രാഷ്ട്രപതി ദ്രൗപതി മുർമുവും ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകറും രാജ്യത്തെ ജനങ്ങൾക്ക് ബക്രീദ് ആശംസകൾ നേർന്നു. ത്യാഗത്തിന്റെയും സമർപ്പണത്തിന്റെയും പ്രതീകമാണ് ബലിപെരുന്നാൾ ആഘോഷമെന്ന് രാഷ്ട്രപതി സന്ദേശത്തിൽ പറഞ്ഞു. സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും സാമൂഹിക സൗഹാർദത്തിന്റെയും സന്ദേശമാണ് ഉത്സവം പ്രദാനം ചെയ്യുന്നതെന്ന് ഉപരാഷ്ട്രപതി ആശംസ സന്ദേശത്തിൽ പറഞ്ഞു.

*********************************************************

## GEORGE KURIAN

കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഇന്ന് പത്തനംതിട്ടയിൽ. കുവൈറ്റിൽ അഗ്നിബാധയിൽ ജീവൻ നഷ്ടപ്പെട്ട പത്തനംതിട്ട സ്വദേശികളുടെ വീടുകൾ അദ്ദേഹം സന്ദർശിക്കും. രാവിലെ 9 ന് തിരുവല്ലയിൽ എത്തുന്ന അദ്ദേഹം പന്തളം, വാഴമുട്ടം, കോന്നി, കീഴ് വായ്പൂർ എന്നിവിടങ്ങളിലുള്ള മരണപ്പെട്ടവരുടെ വീടുകൾ സന്ദർശിക്കും. അതിനിടെ, കുവൈറ്റിൽ ദുരന്തത്തിൽ മരിച്ച പത്തനംതിട്ട കോന്നി സ്വദേശി സജു വർഗീസിൻറെയും കീഴ് വായ്പൂര് സ്വദേശി സിബിൻ ടി. ഏബ്രഹാമിൻറെയും സംസ്കാര ചടങ്ങുകൾ ഇന്ന് നടക്കും.

*********************************************************

## PALAKKAD

പാലക്കാട് പ്ലാച്ചിമടയിൽ കൊക്കോകോള കമ്പനിയുടെ കൈവശമുണ്ടായിരുന്ന 35 ഏക്കർ ഭൂമി സർക്കാർ ഏറ്റെടുത്തു. ഭൂമി വിട്ടു നൽകാൻ തയ്യാറാണെന്ന് കമ്പനി രേഖാമൂലം അറിയിച്ചതിനെ തുടർന്നായിരുന്നു നടപടി. ഇതു സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയാക്കി മാർച്ചിൽ റവന്യു വകുപ്പ് ഉത്തരവിറക്കിയിരുന്നു. പാലക്കാട് ആർ.ഡി. ഒ യുടെ നേതൃത്വത്തിൽ നടപടി ക്രമങ്ങൾ പൂർത്തിയാക്കി, ഇന്നലെയാണ് രേഖകൾ ഏറ്റുവാങ്ങിയത്. ജല ചൂഷണത്തിനെതിരെയുള്ള പ്രദേശവാസികളുടെ ജനകീയ സമരത്തെ തുടർന്നാണ് പ്ലാച്ചിമടയിലെ കോള കമ്പനി പൂട്ടിയത്.

**********************************************************

## T-20 WORLD CUP

ട്വന്റി - 20 ലോകകപ്പ് ക്രിക്കറ്റിൽ അയർലൻഡിനെതിരെ പാകിസ്ഥാന് ജയം. ഇന്നലെ രാത്രി ഫ്ലോറിഡയിൽ നടന്ന മത്സരത്തിൽ മൂന്ന് വിക്കറ്റിനാണ് പാകിസ്ഥാൻ അയർലണ്ടിനെ പരാജയപ്പെടുത്തിയത്. ഇന്ന് നടക്കുന്ന ഗ്രൂപ് മത്സരങ്ങളിൽ ബംഗ്ലാദേശ് നേപ്പാളിനെയും, ശ്രീലങ്ക- നെതർലാൻഡിനെയും നേരിടുകയാണ്. രാത്രി നടക്കുന്ന മത്സരത്തിൽ ന്യൂസിലൻഡ് പാപ്പുവ ന്യൂ ഗിനിയയുമായി ഏറ്റുമുട്ടും. അതിനിടെ, ഇന്നലെ നടന്ന വനിതാ ഏകദിനത്തിൽ ദക്ഷിണാഫ്രിക്കയ്ക്കെതിരെ ഇന്ത്യ 143 റൺസിന് വിജയിച്ചു.

**********************************************************

## CLIMATE KERALA

കേരളത്തിൽ 6 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ ആണ് കേന്ദ്ര കാലാവസ്ഥാവകുപ്പ് മഞ്ഞ ജാഗ്രത നിർദ്ദേശം നൽകിയിരിക്കുന്നത്. കേരള തീരത്തും തമിഴ്നാട് തീരത്തും ഇന്ന് രാത്രി 11.30 വരെ കള്ളക്കടൽ പ്രതിഭാസത്തിനും, ഉയർന്ന തിരമാലയ്ക്കും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

*************************************************************

## HIGHEST RAILWAY BRIDGE

ലോകത്തിലെ ഏറ്റവും ഉയരം കൂടിയ റെയിൽവേ മേൽപ്പാലത്തിൽ ട്രയൽ റൺ നടന്നു. ജമ്മു കശ്മീരിലെ റമ്പാൻ ജില്ലയിൽ ചെനാബ് നദിക്ക് കുറുകെ സങ്കൽദാനിനും റിയാസിക്കും ഇടയിലാണ് ലോകത്തിലെ ഏറ്റവും ഉയരം കൂടിയ റെയിൽവേ പാലത്തിൻറെ നിർമ്മാണം പൂർത്തിയായത്. വൈദ്യുത എഞ്ചിൻ ആണ് വിജയകരമായി പരീക്ഷണം നടത്തിയത്. ഇതോടെ രാജ്യം മറ്റൊരു നാഴികക്കല്ല് പിന്നിട്ടതായി കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് സമൂഹമാധ്യമത്തിൽ കുറിച്ചു. ഇതുവഴിയുള്ള റെയിൽ ഗതാഗതം ഉടൻ ആരംഭിക്കും.

*************************************************************

## KOTTIYOOR FESTIVAL

27 നാൾ നീണ്ടുനിന്ന കണ്ണൂരിലെ കൊട്ടിയൂർ വൈശാഖോത്സവം ഇന്ന് തൃക്കലശ്ശാട്ടോടെ സമാപിക്കും. വാകച്ചാർത്ത് ചടങ്ങുകൾക്ക് രാവിലെ തുടക്കമായി.

*************************************************************

## AMARNATH YATRA-HELICOPTER SERVICE

ഈ വർഷത്തെ അമർനാഥ് യാത്രയ്ക്കുള്ള ഹെലികോപ്റ്റർ സർവീസിന്റെ ഓൺലൈൻ ബുക്കിംഗ് ആരംഭിച്ചു.
52 ദിവസം നീണ്ടുനിൽക്കുന്ന അമർനാഥ് വാർഷിക തീർത്ഥാടനം ഈ മാസം 29 ന് ആരംഭിച്ച്, രക്ഷാബന്ധൻ ദിനമായ ഓഗസ്റ്റ് 19-നാണ് സമാപിക്കും. ബാൽതാൽ, പഹൽഗാം യാത്രാ റൂട്ടുകളിലാണ് ഹെലികോപ്റ്റർ സർവീസ് ഒരുക്കിയിരിക്കുന്നത്. ഓൺലൈൻ ബുക്കിങ്ങിനായി JKSASB.nic.in എന്ന വെബ്സൈറ്റ് സന്ദർശിക്കാം.

************************************************************

## DESERTIFICATION DAY

മരുഭൂവൽക്കരണത്തെയും വരൾച്ചയെയും പ്രതിരോധിക്കാനുള്ള അന്താരാഷ്ട്ര ദിനം ഇന്ന്. ഭൂമിക്കുവേണ്ടിയുള്ള ഐക്യം. നമ്മുടെ പൈതൃകം. നമ്മുടെ ഭാവി". എന്നതാണ് ഇത്തവണത്തെ ദിനാചരണ സന്ദേശം.

************************************************************

## TEXTILE EXPORT

രാജ്യത്തെ തുണിത്തര കയറ്റുമതിയിൽ 9.59 ശതമാനം വർധന. വസ്ത്ര കയറ്റുമതിയിൽ 9.84 ശതമാനം വളർച്ചയുണ്ടായതായി കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ടെക്സ്റ്റൈൽ ഇൻഡസ്ട്രി അറിയിച്ചു. ഈ മേഖലയിലെ രാജ്യത്തിന്റെ മൊത്തത്തിലുള്ള കയറ്റുമതി മെയ് മാസത്തിൽ 68.29 ബില്യൺ യുഎസ് ഡോളറായി ഉയർന്നുവെന്നും റിപ്പോർട്ടിൽ പറയുന്നു.

************************************************************

## DEEP SEA MISSION

സ്വന്തമായി ആഴക്കടൽ ദൗത്യം നടത്തുന്ന ആറാമത്തെ രാജ്യമായി ഇന്ത്യ മാറുമെന്ന് കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗ്. ന്യൂഡൽഹിയിൽ, ഭൗമശാസ്ത്ര മന്ത്രാലയത്തിന്റെ 100 ദിവസത്തെ കർമപദ്ധതി ചർച്ച ചെയ്യാനുള്ള യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സമുദ്രത്തെയും സമുദ്ര ഊർജത്തെയും ആശ്രയിക്കുന്ന ആളുകളെ ശാക്തീകരിക്കുന്നതിന്, ശക്തമായ നീല സമ്പദ്‌വ്യവസ്ഥ കൈവരിക്കണമെന്ന് അദ്ദേഹം പറഞ്ഞു. ധാതു പര്യവേക്ഷണം, സമുദ്ര ശാസ്ത്ര വികസനം, സസ്യജന്തുജാലങ്ങളുടെ പര്യവേക്ഷണം, സമുദ്ര ജൈവവൈവിധ്യ സംരക്ഷണം എന്നീ വിവിധ മേഖലകളിൽ ആഴക്കടൽ ദൗത്യം, ശ്രദ്ധ കേന്ദ്രീകരിക്കണമെന്നും കേന്ദ്രമന്ത്രി ചൂണ്ടിക്കാട്ടി.

************

************************

**************************************************************